പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 02/04/2018 ൽ

നിയമസഭാ ചോദ്യം നമ്പർ 6101 — മറുപടിക്ക്

## ഓട്, ഇഷ്ടിക നിർമ്മാതാക്കൾ നേരിടുന്ന പ്രതിസന്ധി

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും സർക്കാർ നിയന്ത്രണങ്ങളും മൂലം ഓട്, ഇഷ്ടിക നിർമ്മാതാക്കൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രകൃതിക്ക് ദോഷകരമാകാത്തവിധത്തിൽ ഈ മേഖലയ്ക്കാവശ്യമായ വസ്തുക്കൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് സർക്കാർ കാര്യക്ഷമമായി ഇടപെടുകയും ഭരണപരമായ വിവിധ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇഷ്ടികചെളിയുടെ ഖനനത്തിന് ജില്ലാകളക്ടറുടെ നിരാക്ഷേപ പത്രം ഒഴിവാക്കുകയും 2 മീറ്റർ വരെയുള്ള ഖനനത്തിന് മൈനിംഗ് പ്ലാൻ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ജലസംഭരണികളിലടിയുന്ന ചെളിയും മണലും പ്രകൃതിക്ക് ദോഷകരമാകാത്ത രീതിയിൽ ശേഖരിച്ച് ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) ഡാമുകളിൽ നിന്നും മണൽ, ചെളി എന്നിവ നീക്കം ചെയ്ത് ഇഷ്ടിക-ഓട് എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ പ്രാരംഭ നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഡാമിൽ നിന്ന് മണലും, ചെളിയും നീക്കം ചെയ്യുന്നതിനുള്ള പ്രാരംഭ ചർച്ചകൾ ഔദ്യോഗിക തലത്തിൽ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ